● എ.ആർ

# തെരഞ്ഞെടുപ്പും പാകിസ്താനിലെ ഇസ്‌ലാമിക പ്രസ്ഥാനവും

**തിരുനക്കരെ നിൽക്കുന്ന വഞ്ചി ഇക്കരെയെത്തുക സുഗമമല്ല എന്ന സന്ദേശമാണ് പാകിസ്താൻ രാഷ്ട്രീയത്തിലെ ഗതിവിഗതികൾ നൽകുന്ന സൂചന. ഒടുവിൽ നിർണായകമാവുക എന്തൊക്കെയായാലും വൈറ്റ് ഹൗസിന്റെ ചരടു വലികൾ തന്നെയാവും.**

●

**ഫെബ്രുവരി** 18-ന് നടന്ന പൊതു തെരഞ്ഞെടുപ്പിന്റെ ഫലങ്ങൾ അന്ന് അർധരാത്രിയോടെ തന്നെ പുറത്തുവന്നെങ്കിലും ഒരുകക്ഷിക്കും കേവല ഭൂരിപക്ഷം ലഭിക്കാത്തതിനെ തുടർന്നുണ്ടായ രാഷ്ട്രീയാനിശ്ചിതത്വം പാകിസ്താന്റെ ഭാവിയെ ഇപ്പോഴും സംശയത്തിന്റെ കുന്തമുനയിൽ നിർത്തുന്നു. 87 സീറ്റുകളോടെ ഏറ്റവും വലിയ കക്ഷിയായി ഉയർന്ന പി.പി.പിക്ക്, 65 സീറ്റുകൾ നേടി രണ്ടാം സ്ഥാനത്തെത്തിയ പാകിസ്താൻ മുസ്‌ലിം ലീഗി(എൻ)ന്റെ സഹകരണത്തോടെയേ മന്ത്രിസഭ രൂപവത്കരിക്കാനാവൂ. അല്ലെങ്കിൽ പ്രസിഡന്റ് പർവേസ് മുശർറഫിന്റെ പാർട്ടിയായ പാകിസ്താൻ മുസ്‌ലിം ലീഗ്(ക്യു), അൽത്വാഫ് ഹുസൈന്റെ എം.ക്യു.എം, ഖാൻ അബ്ദുൽ വലിഖാന്റെ എ.എൻ.പി തുടങ്ങിയ പാർട്ടികളുടെ മൊത്തം പിന്തുണ ഉറപ്പാക്കണം. അത് അസാധ്യമല്ലെങ്കിലും പി.പി.പിയുടെ പ്രതിഛായയെ തെല്ലൊന്നുമല്ല അത്തരമൊരു കൂട്ടുകെട്ട് ദോഷകരമായി ബാധിക്കുക.

മുശർറഫിന്റെ തേർവാഴ്ചയിൽനിന്ന് രാജ്യത്തെ രക്ഷിക്കാനാണ് പാക് ജനത പി.പി.പിക്ക് വോട്ടുനൽകിയതെങ്കിൽ ആ ലക്ഷ്യത്തെ തീർത്തും വിഫലമാക്കും അദ്ദേഹത്തിന്റെ പാർട്ടിയുമായുള്ള കൂട്ടു കച്ചവടം. കറാച്ചിയിലെ ശിവസേന എന്നുപറയാവുന്ന എം.ക്യു.എം ആകട്ടെ പി.പി.പിയുടെ ശക്തികേന്ദ്രമായ സിന്ധിൽ തന്നെ പാർട്ടിക്ക് ബാധ്യതയാവും. ഇതെല്ലാം കണക്കിലെടുത്ത് തന്നെയാവണം നവാസ് ശരീഫുമായുള്ള സഖ്യത്തിന് ആസിഫ് സർദാരിയും കൂട്ടുകാരും പ്രഥമ പരിഗണന നൽകുന്നത്. നവാസ് ശരീഫിന് പ്രധാനമന്ത്രിപദം വിട്ടുകൊടുക്കാൻ പോലും പി.പി.പി സന്നദ്ധത പ്രകടിപ്പിച്ചതായാണ് റിപ്പോർട്ട്. പ്രധാന പ്രവിശ്യയായ പഞ്ചാബിനെ ഒപ്പംനിർത്തുക എന്ന തന്ത്രവും ഈ സൗമനസ്യത്തിന്റെ പിന്നിലുണ്ടാവാം.

പി.പി.പിയുടെ പ്രധാനനമന്ത്രിപദ നോമിനി മഖ്ദൂം അമീൻ ഫഹീമിന് സിന്ധിനപ്പുറത്ത് വേരുകളില്ല. അതിനാൽ അദ്ദേഹത്തിനുപകരം പഞ്ചാബിൽനിന്നുള്ള പി.പി.പി നേതാക്കളിൽ ഒരാളെ പ്രധാനമന്ത്രിയാക്കാനും ആലോചനകൾ നടക്കുന്നു. അതേസമയം കൂടുതൽ വോട്ടും സീറ്റുമുള്ള പാർട്ടിക്ക് അവകാശപ്പെട്ടതാണ് പ്രധാനമന്ത്രിപദമെന്ന ന്യായം ചൂണ്ടിക്കാട്ടി പി.പി.പിയുടെ ഓഫർ നിരസിക്കുകയാണ് നവാസ് ശരീഫ് ചെയ്തിരിക്കുന്നത്. എ.എൻ.പി നേതാവ് അസ്ഫന്ദിയാർ വലിയും ഇതേ ന്യായത്തിന്മേൽ അത്യുന്നത പദവി നിരസിച്ചതായാണ് വാർത്ത. അതിനാൽ പ്രധാനമന്ത്രി പി.പി.പിയിൽനിന്നു തന്നെ വേണ്ടിവരും. അതാരായാലും നവാസ് ശരീഫിന് തൽക്കാലം സ്വീകാര്യനാവാം. പക്ഷേ, മന്ത്രിസഭയിൽ ചേരാതെ പുറത്തുനിന്ന് പിന്തുണ നൽകുകയേ ചെയ്യൂ എന്ന മുസ്‌ലിംലീഗ് നേതാവിന്റെ ശാഠ്യം പി.പി.പിയെ കുഴക്കുന്നു. സർക്കാരിന്റെ അസ്ഥിരതക്ക് അതുതന്നെയാവും ഏറ്റവും വലിയ ഗ്യാരണ്ടി. ഫെഡറൽ സർക്കാരിൽ മാത്രമല്ല പ്രവിശ്യകളിലും കൂട്ടുകക്ഷി സർക്കാറാണ് പി.പി.പി ആഗ്രഹിക്കുന്നത്. നവാസ് ശരീഫാകട്ടെ പഞ്ചാബിൽ സ്വതന്ത്രരുടെയും ചെറിയ കക്ഷികളുടെയും പിൻബലത്തോടെ പി.പി.പിയെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള സംവിധാനത്തിനായും പണിയെടുക്കുന്നു.

പാകിസ്താന് ഒരു ജനകീയ സർക്കാർ വേണം, 1973-ലെ ഭരണഘടനയും പിരിച്ചുവിടപ്പെട്ട ജുഡീഷ്യറിയും പുനഃസ്ഥാപിതമാവണം, അതിന് തടസ്സമായ ജനറൽ മുശർറഫിനെ പ്രസിഡന്റ് പദവിയിൽനിന്ന് താഴെ ഇറക്കുകയും വേണമെന്നതാണ് നവാസ് ശരീഫിന്റെ ഉള്ളിലിരിപ്പ്. അത്രത്തോളം പോകാൻ ആസിഫ് സർദാരി തയാറില്ലെന്നതാണ് പുറത്തുനിന്നുള്ള പിന്തുണമതി എന്ന് തീരുമാനിക്കാൻ മുൻ പ്രധാനമന്ത്രിയെ നിർബന്ധിക്കുന്നത്. തന്റെ പേരിലുള്ള അഴിമതിക്കേസുകൾ അപ്പാടെ പിൻവലിച്ച മുശർറഫിനോടുള്ള കടപ്പാട് സർദാരിക്ക് വിസ്മരിക്കാനുമാവില്ല. ചുരുക്കത്തിൽ തിരുനക്കരെ നിൽക്കുന്ന വഞ്ചി ഇക്കരെയെത്തുക സുഗമമല്ല എന്ന സന്ദേശമാണ് പാകിസ്താൻ രാഷ്ട്രീയത്തിലെ ഗതിവിഗതികൾ നൽകുന്ന സൂചന. ഒടുവിൽ നിർണായകമാവുക എന്തൊക്കെയായാലും വൈറ്റ് ഹൗസിന്റെ ചരടു വലികൾ തന്നെയാവും.

കാര്യങ്ങൾ തങ്ങൾ കണക്ക് കൂട്ടിയ ദിശയിലേക്കാണ് നീങ്ങുന്നതെന്ന് ആശ്വസിക്കുന്ന രണ്ടു പാർട്ടികളെങ്കിലും പാകിസ്താനിലുണ്ട്. ഖാദീ ഹുസൈൻ അഹ്മദ് നേതൃത്വം നൽകുന്ന ജമാഅത്തെ ഇസ്‌ലാമിയും മുൻ ക്രിക്കറ്റ് ക്യാപ്റ്റൻ ഇംറാൻഖാന്റെ തഹ്‌രീകെ ഇൻസാഫും. ഇംറാൻഖാന്റേത് ജനപിന്തുണയില്ലാത്ത ഒറ്റയാൾ പാർട്ടിയാണ്. ജമാഅത്തെ ഇസ്‌ലാമി മുൻ ദേശീയ അസംബ്ലിയിൽ അറുപതിലധികം സീറ്റുകൾ നേടുകയും അതിർത്തി സംസ്ഥാനത്തും ബലൂചിസ്താനിലും ഭരണം പങ്കിടുകയും ചെയ്ത എം.എം.എയിലെ രണ്ടാമത്തെ വലിയ കക്ഷിയും. മുശർറഫ് സ്ഥാനമൊഴിയാതെയും പിരിച്ചുവിട്ട ജഡ്ജിമാരെ പുനരവരോധിക്കാതെയും നിഷ്പക്ഷ

കാവൽസർക്കാറിനെ ഏർപ്പെടുത്താതെയും നടക്കുന്ന തെരഞ്ഞെടുപ്പ് നിഷ്പക്ഷമാവില്ലെന്ന് ചൂണ്ടിക്കാട്ടി മറ്റു പ്രതിപക്ഷ പാർട്ടികളോടൊപ്പം ഇലക്ഷൻ ബഹിഷ്കരിക്കാൻ തീരുമാനിക്കുകയായിരുന്നു എം.എം.എ. ബഹിഷ്കരണത്തിന് നേതൃത്വം നൽകിയ പാകിസ്താൻ മുസ്‌ലിം ലീഗ്(എൻ) ആദ്യം കാലുമാറി, തുടർന്ന് എം.എം.എ ഘടകമായ മൗലാനാ ഫസ്‌ലുർറഹ്മാന്റെ ജംഇയ്യത്തു ഉലമായെ ഇസ്‌ലാമും.

ഒറ്റപ്പെടലിന്റെ ഭവിഷ്യത്ത് പലരും ചൂണ്ടിക്കാട്ടിയപ്പോഴും ബഹിഷ്കരണത്തിൽ ഉറച്ചുനിന്ന ജമാഅത്തെ ഇസ്‌ലാമി, തെരഞ്ഞെടുപ്പിനെ തുടർന്ന് നിലവിൽവരുന്ന സർക്കാർ അസ്ഥിരവും ദുർബലവുമായിരിക്കുമെന്നും ഒരിടക്കാല തെരഞ്ഞെടുപ്പ് അനിവാര്യമാവുമെന്നും അതിൽ ഒരു കൈ നോക്കാമെന്നുമാണ് ആശ്വസിക്കാനും ആശ്വസിപ്പിക്കാനും ശ്രമിച്ചത്. തങ്ങൾ ബഹിഷ്കരിച്ച തെരഞ്ഞെടുപ്പിൽ പോളിംഗ് ശതമാനം വെറും 35 ആയി കുറഞ്ഞതും നിലനിൽക്കുന്ന അനിശ്ചിതത്വവും ഖാദീഹുസൈന്റെ പാർട്ടിക്ക് പിടിവള്ളിയാവുന്നു. വാശിപിടിച്ച് തെരഞ്ഞെടുപ്പു ഗോദയിലിറങ്ങിയ ഫസ്‌ലുർറഹ്മാന് സ്വന്തം സംസ്ഥാനം നഷ്ടമായതും ദേശീയ അസംബ്ലിയിൽ മൂന്നു സീറ്റുകൾകൊണ്ട് തൃപ്തിയടയേണ്ടി വന്നതും ഖാദീ ഹുസൈന്റെ ദൂരക്കാഴ്ചക്ക് സാധ്യത പകരുന്നതായി. എം.എം.എ തകർന്ന് തരിപ്പണമായെന്ന മീഡിയ പ്രചാരണങ്ങളുടെ സത്യാവസ്ഥ ഇപ്പറഞ്ഞതാണ്.

പക്ഷേ, ഏറെ പ്രസക്തമായ പ്രശ്നം, നടന്ന തെരഞ്ഞെടുപ്പിൽനിന്ന് വിട്ടുനിന്നതിലെ യുക്തിയും രാഷ്ട്രീയതന്ത്രവുമല്ല. തീർത്തും സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു തെരഞ്ഞെടുപ്പ് പാകിസ്താനിൽ ഇനിയൊരു ഘട്ടത്തിൽ നടന്നാൽ പോലും ഇസ്‌ലാമിക ജനാധിപത്യ വ്യവസ്ഥ അല്ലെങ്കിൽ നിസാമെ മുസ്ത്വഫാ സ്വപ്നം കാണുന്നവരുടെ ഗതിയെന്താവും എന്നതാണ് സൂക്ഷ്മവിലയിരുത്തലും വീണ്ടുവിചാരവും ആവശ്യപ്പെടുന്ന മുഖ്യ സമസ്യ. 2002-ലെ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയം കൈയാളുന്ന മതസംഘടനകളും ജമാഅത്തെ ഇസ്‌ലാമിയും ഒന്നിച്ച് 'മുത്തഹിദ മജ്‌ലിസെ അമൽ' എന്ന സംയുക്ത കർമ സമിതിയിൽ അണിനിരന്നു മത്സരിച്ചപ്പോൾ ദേശീയ അസംബ്ലിയിൽ 60-ൽ പരം സീറ്റുകളും രണ്ടു പ്രവിശ്യകളുടെ ഭരണവും പിടിച്ചെടുത്തത് സംഭവമാണ്. ഇത്തവണ എം.എം.എ ഒറ്റക്കെട്ടായി ഗോദയിലിറങ്ങിയിരുന്നെങ്കിൽപോലും ഈയനുഭവം ആവർത്തിക്കുമായിരുന്നോ എന്നാണ് ചോദ്യം. അഫ്ഗാനിസ്താനു നേരെ അമേരിക്ക നടത്തിയ ആക്രമണം, അതിന് കൂട്ടുനിന്ന ജനറൽ പർവേസ് മുശർറഫിനോടുള്ള ജനരോഷം, മത്സരരംഗത്തുനിന്ന് ബേനസീർ ഭുട്ടോയും നവാസ് ശരീഫും അകറ്റിനിർത്തപ്പെട്ട സാഹചര്യം എന്നീ അനുകൂല ഘടകങ്ങളാണ് എം.എം.എയുടെ രക്ഷക്കെത്തിയിരുന്നത്.

ഇത്തവണ സ്ഥിതിയാകെ മാറി. ബേനസീറും നവാസ് ശരീഫും തിരിച്ചെത്തി. ബേനസീറിന്റെ വധം അവരുടെ പാർട്ടിക്ക് അനുകൂലമായ സഹതാപതരംഗമുണർത്തി. താലിബാന്റെയും താലിബാൻ അനുകൂലികളുടെയും രക്തരൂഷിത പ്രത്യാക്രമണങ്ങൾ പാക് ജനതയുടെ സ്വാസ്ഥ്യം കെടുത്തി. എം.എം.എ ശിഥിലവുമായി. ഇനി ഒരിക്കൽകൂടി ചരിത്രം പുനഃസൃഷ്ടിക്കാൻ കഴിയില്ല. സാമ്രാജ്യത്വ വിരോധം പാക് ജനതയിൽ ഒരു വലിയ വിഭാഗത്തിനുണ്ടാവാം. അവർ പക്ഷേ, താലിബാനിസത്തിന്റെ അനുകൂലികളല്ല. ബലൂചിസ്താനിലും അതിർത്തി സംസ്ഥാനത്തും ഗോത്രവർഗക്കാരും മുല്ലമാരും നടത്തുന്ന സൈനിക ഓപറേഷനുകളോട് ജനങ്ങൾക്ക് ആഭിമുഖ്യമില്ല. സുന്നി-ശീഈ വിഭാഗീയതയുടെ രക്തച്ചൊരിച്ചിലുകൾ സാമാന്യജനത്തെ കണക്കിലധികം മടുപ്പിച്ചിരിക്കുന്നു. മതത്തെക്കുറിച്ച അറുപിന്തിരിപ്പൻ കാഴ്ചപ്പാടുകൾ ഇന്നും പുലർത്തുന്നവരുടെ പിടിയിലാണ് പാകിസ്താനിലെ മതനേതൃത്വം. ദയൂബന്ദി പണ്ഡിതനായ മൗലാനാ ഫസ്‌ലുർറഹ്മാന്റെ ജംഇയ്യത്തു ഉലമായെ ഇസ്‌ലാമും ബറേൽവികളുടെ ജംഇയ്യത്തുൽ ഉലമാ പാകിസ്താനും



**താഴെതട്ടിൽ ജനങ്ങളോടൊപ്പം നിൽക്കുന്ന, മേൽതട്ടിലെ കൊള്ളരുതായ്മകളെ തുറന്നെതിർക്കുന്ന, പിന്തിരിപ്പൻ പൗരോഹിത്യത്തിൽനിന്ന് അകലം പാലിക്കുന്ന, കശ്മീർ പോലുള്ള വൈകാരിക പ്രശ്നങ്ങളിൽ മാത്രം കിടന്നു കറങ്ങാതെ സാമ്രാജ്യത്വ വിരുദ്ധവും എന്നാൽ അയൽപക്ക സൗഹൃദപരവുമായ വിദേശനയം പിന്തുടരുന്ന, സർവോപരി ഇസ്‌ലാമിനെ പുതിയ ലോകത്തിനും കാലത്തിനും ബോധ്യമാവുന്ന ശൈലിയിൽ അവതരിപ്പിക്കുന്ന മൗലികമായ പ്രതിഛായ മാറ്റത്തിലേക്ക് പ്രസ്ഥാനത്തെ കൊണ്ടുപോവാൻ ഖാദിഹുസൈൻ അഹ്മദിനും സഹപ്രവർത്തകർക്കും സാധിച്ചില്ലെങ്കിൽ തെരഞ്ഞെടുപ്പ് സ്വതന്ത്രവും നിഷ്പക്ഷവും ആയതുകൊണ്ടു മാത്രം ത്രാസ് അടയാളത്തിൽ വോട്ട് വീഴില്ല.**

സലഫികളുടെ മർകസീ ജംഇയ്യത്തു അഹ്ലെ ഹദീസും ഇവയൊക്കെ പിളർന്നുണ്ടായ ഈർക്കിൾ ഗ്രൂപ്പുകളും ചേർന്ന അവിയൽ മുന്നണിയിൽ, വിശാല സമുദായ ഐക്യത്തിന്റെയോ ദേശീയ താൽപര്യങ്ങളുടെയോ പേരിലായാലും പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമി ഘടകമായതിന്റെ നേട്ടങ്ങൾ താൽകാലികമായിരുന്നെന്ന് ഗൗനിക്കാതിരുന്നിട്ട് കാര്യമില്ല, കോട്ടങ്ങളാകട്ടെ ദൂരവ്യാപകവും.

പാകിസ്താന്റെ ചരിത്രത്തിലെ സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രഥമ തെരഞ്ഞെടുപ്പായിരുന്നു 1970-ലേത്. ഭൂപരിഷ്കരണവും നിർണയവുമടക്കമുള്ള പുരോഗമന പരിപാടികളടങ്ങുന്ന പത്രികയുമായാണ് ആ തെരഞ്ഞെടുപ്പിനെ സയ്യിദ് മൗദൂദിയുടെ നേതൃത്വത്തിൽ ജമാഅത്തെ ഇസ്‌ലാമി നേരിട്ടത്. കിഴക്കൻ പാകിസ്താനിൽ ശൈഖ് മുജീബുർറഹ്മാന്റെ അവാമി ലീഗ് ഉയർത്തിയ ബംഗ്ലാ ദേശീയതയുടെയും അതിനെതിരെ പശ്ചിമ പാകിസ്താനിൽ ഇസെഡ്.എ ഭുട്ടോയുടെ നേതൃത്വത്തിൽ രൂപം കൊണ്ട പി.പി.പിയുടെയും ഏറ്റുമുട്ടലിനും മതപുരോഹിതന്മാരുടെ വിഭാഗീയ പ്രചാരണങ്ങൾക്കും മധ്യേ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സീറ്റെണ്ണം നാലിൽ ഒതുങ്ങിയത് പരമാർഥമാണ്. എന്നാൽ 25 ലക്ഷം വോട്ടുകളോടെ പ്രസ്ഥാനം തെളിയിച്ച ജനകീയ കരുത്ത് അനിഷേധ്യമായിരുന്നു. പിന്നീടുനടന്ന ഒരു തെരഞ്ഞെടുപ്പിലും 15 ലക്ഷത്തിന്റെ ലക്ഷ്മണരേഖ കടക്കാൻ പാക് ജമാഅത്തിന് സാധിച്ചിട്ടില്ലെന്നുമാത്രമല്ല ചിലപ്പോഴെങ്കിലും പിറകോട്ടുപോവുകയും ചെയ്തു. ബംഗ്ലാദേശിലാകട്ടെ രാഷ്ട്രപിറവി മുതൽ സംവത്സരങ്ങളോളം നീണ്ട നിരോധത്തിനു ശേഷവും തെരഞ്ഞെടുപ്പുകളിൽ ജമാഅത്തെ ഇസ്‌ലാമി കരുത്തും ജനപിന്തുണയും തെളിയിച്ചു. ദേശീയ അസംബ്ലിയിൽ 16 അംഗങ്ങളും ബീഗം ഖാലിദസിയ മന്ത്രിസഭയിൽ പങ്കാളിത്തവും ബംഗ്ലാ ജമാഅത്ത് ഉറപ്പാക്കി. കൃഷിക്കാർ, ചെറുകിട വ്യാപാരികൾ, മത്സ്യത്തൊഴിലാളികൾ ആദിയായ പ്രാന്തവൽകൃത വിഭാഗങ്ങളിലേക്കിറങ്ങിച്ചെന്ന് ജനകീയ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചതും പരിഹാരത്തിന് ഫലപ്രദമായ പരിപാടികൾ ആവിഷ്കരിച്ചതുമാണ് ബംഗ്ലാദേശ് ജമാഅത്തിനെ വ്യത്യസ്തമാക്കിയത്.

പാകിസ്താനിലോ? കാലഹരണപ്പെട്ട ഫ്യൂഡലിസത്തിന്റെയും ദുഷ്പ്രഭുത്വത്തിന്റെയും യാഥാസ്ഥിതിക പൗരോഹിത്യത്തിന്റെയും കാൽചുവട്ടിലാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിലും പാക് ജനസമൂഹം. ഭുട്ടോ, മഖ്ദൂം, നവാസ് ശരീഫ് കുടുംബങ്ങളുടെ ജനപിന്തുണ ഒരു പ്രത്യയശാസ്ത്രത്തിന്റെയും പേരിലല്ല; ഫ്യൂഡലിസത്തിന്റെയും വൃത്തികെട്ട മുതലാളിത്ത സംസ്കാരത്തിന്റെയും ആൾക്കൂട്ട രസതന്ത്രമാണതിന്റെ പിന്നിൽ. ധാർമികതയും സദാചാരവും പാകിസ്താനിൽ പാതാളത്തിലെത്തിനിൽക്കുന്നു. അഴിമതിയുടെ പാരമ്യത്തിൽ പിരിച്ചുവിടപ്പെട്ടവയാണ് ബേനസീറിന്റെയും നവാസ് ശരീഫിന്റെയും മുൻസർക്കാറുകൾ. അവരിപ്പോൾ തീർക്കുന്ന കൂട്ടായ്മകൾ തീർത്തും അവസരവാദപരമാണ്. നവാസ് ശരീഫിന്റെ മുശർറഫ് വിരോധംപോലും വ്യക്തിവൈരാഗ്യത്തിനപ്പുറത്തേക്കു നീളുന്നില്ല. ആത്മാർഥമായ സാമ്രാജ്യത്വ വിരോധമോ അമേരിക്കയുടെ ചൊൽപടിയിൽനിന്നുള്ള മോചനമോ പി.പി.പി-മുസ്‌ലിംലീഗ് സഖ്യത്തിൽനിന്ന് പ്രതീക്ഷിക്കേണ്ടതില്ല. പ്രധാനമന്ത്രിപദത്തിൽ ഏറെ സാധ്യതകളുള്ള പേരുകളിലൊന്ന് സിന്ധിലെ ആത്മീയാചാര്യൻ കൂടിയായ ഫ്യൂഡലിസ്റ്റ് മഖ്ദൂം അമീൻ ഫഹീമിന്റേതാണ്. മദ്യം മഖ്ദൂമിന്റെ ആത്മീയതക്ക് അലങ്കാരമേ ആവുന്നുള്ളൂ! മദ്യവും മദിരാക്ഷിയും ചൂതാട്ടവും അരങ്ങുതകർക്കുന്ന ബിലാവൽ ഹൗസാണ് ആസിഫ് സർദാരിയുടെ ആസ്ഥാനം.

ഈ പരിസരത്തുനിന്ന് വേണം ഭാവിസാധ്യതകളെ പാകിസ്താനിലെ ഇസ്‌ലാമിക പ്രസ്ഥാനം വിലയിരുത്താൻ. താഴെതട്ടിൽ ജനങ്ങളോടൊപ്പം നിൽക്കുന്ന, മേൽതട്ടിലെ കൊള്ളരുതായ്മകളെ തുറന്നെതിർക്കുന്ന, പിന്തിരിപ്പൻ പൗരോഹിത്യത്തിൽനിന്ന് അകലം പാലിക്കുന്ന, കശ്മീർ പോലുള്ള വൈകാരിക പ്രശ്നങ്ങളിൽ മാത്രം കിടന്നു കറങ്ങാതെ സാമ്രാജ്യത്വ വിരുദ്ധവും എന്നാൽ അയൽപക്ക സൗഹൃദപരവുമായ വിദേശനയം പിന്തുടരുന്ന, സർവോപരി ഇസ്‌ലാമിനെ പുതിയ ലോകത്തിനും കാലത്തിനും ബോധ്യമാവുന്ന ശൈലിയിൽ അവതരിപ്പിക്കുന്ന മൗലികമായ പ്രതിഛായാ മാറ്റത്തിലേക്ക് പ്രസ്ഥാനത്തെ കൊണ്ടുപോവാൻ ഖാദിഹുസൈൻ അഹ്മദിനും സഹപ്രവർത്തകർക്കും സാധിച്ചില്ലെങ്കിൽ തെരഞ്ഞെടുപ്പ് സ്വതന്ത്രവും നിഷ്പക്ഷവും ആയതുകൊണ്ടു മാത്രം ത്രാസ് അടയാളത്തിൽ വോട്ട് വീഴില്ല. തുർക്കിയിൽ എ.കെ പാർട്ടിയുടെയും ഈജിപ്തിൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെയും തിരിച്ചറിവുകൾ ലാഹോറിലെ മൻസൂറയിലെത്താൻ വൈകുംതോറും തെരുവുകളിൽ ബഹളമുണ്ടാക്കാനേ ഇസ്‌ലാമിസ്റ്റുകൾക്ക് സാധിച്ചെന്നു വരൂ. ■